രക്ഷയുടെ പാതയിൽ–3



3

# ജീവദാതാവായ ദൈവം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം



1. ജീവൻ നൽകുന്ന ദൈവം
2. ദൈവികജീവൻ നഷ്ടപ്പെടുന്ന മനുഷ്യൻ
3. പാപം ബന്ധങ്ങളെ തകർക്കുന്നു
4. പാപത്തിന്റെ ഫലം നാശം
5. രക്ഷയ്ക്കു വഴിയൊരുക്കുന്ന ദൈവം
6. രക്ഷയിലേക്ക് നയിക്കുന്ന ദൈവം
7. കല്പനകൾ : ജീവന്റെ വഴികൾ
8. കല്പനകളുടെ ലംഘനം : പാപം
9. കല്പനകൾ പാലിച്ച ഈശോ
10. ആത്മാവിനാൽ അഭിഷിക്തനായ ഈശോ
11. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ശിഷ്യന്മാർ
12. കൂദാശകൾ : ജീവന്റെ അരുവികൾ
13. ഈശോയാൽ അയയ്ക്കപ്പെട്ടവർ
14. ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
15. ആത്മാവിനാൽ സാക്ഷ്യം നൽകിയവർ .

പാഠം 6

# രക്ഷയിലേക്ക് നയിക്കുന്ന ദൈവം



ദൈവത്തിന്റെ സ്വന്തം ജനമായ ഇസ്രായേൽക്കാർ ഈജിപ്തിൽ ജീവിച്ചുപോന്നു. അങ്ങനെയിരിക്കേ ഒരു പുതിയ രാജാവ് ഈജിപിതിൽ ഭരണാധികാരിയായി. അയാൾ ഇസ്രായേൽക്കാരെ വെറുത്തു. അവരെക്കൊണ്ട് കഠിനവേലകൾ ചെയ്യിക്കുകയും അവരെ പീഡിപ്പിക്കുകയും ചെയ്തു. ഇസ്രായേൽക്കാർക്ക് ജനിക്കുന്ന ആൺമക്കളെ കൊന്നുകളയുവാൻവരെ രാജാവ് കല്പിച്ചു. അങ്ങനെ ഈജിപ്തിലുള്ള ജീവിതം ഇസ്രായേൽ ജനത്തിന് കഷ്ടപ്പാടുകൾ നിറഞ്ഞതായി.



ഹോറെബ് മലയിൽ ആടുകളെ മേയ്ച്ചുകൊണ്ടിരുന്ന ഇസ്രായേൽ വംശജനായ മോശയ്ക്ക് കത്തിജ്വലിക്കുന്ന മുൾപ്പടർപ്പിൽ ദൈവം പ്രത്യക്ഷപ്പെട്ടുകൊണ്ട് പറഞ്ഞു.



ഇതാ, ഇസ്രായേൽ മക്കളുടെ നിലവിളി എന്റെയടുത്ത് എത്തിയിരിക്കുന്നു. ഈജിപ്തുകാർ അവരെ എപ്രകാരം മർദ്ദിക്കുന്നുവെന്ന് ഞാൻ കണ്ടു. ആകയാൽ വരൂ, ഞാൻ നിന്നെ ഫറവോയുടെ അടുക്കലേക്ക് അയക്കാം. നീ എന്റെ ജനമായ ഇസ്രായേൽ മക്കളെ ഈജിപ്തിൽ നിന്ന് പുറത്തുകൊണ്ടുവരണം (പുറപ്പാട് 3 : 9 –10).





അങ്ങനെ ഇസ്രായേൽക്കാരെ ഈജിപ്തിൽ നിന്ന് മോചിപ്പിക്കുന്നതിനായി ദൈവം മോശയെ തെരഞ്ഞെടുത്തു. മോശയ്ക്ക് സഹായിയായി അവന്റെ സഹോദരൻ അഹറോനെയും നൽകി. മോശ ഫറവോയെ കണ്ട് ഇസ്രായേൽക്കാരെ വിട്ടയ്ക്കണമെന്ന് ആവശ്യപ്പെട്ടു.

മോശവഴി ദൈവം വലിയ അത്ഭുതങ്ങൾ പ്രവർത്തിച്ചു. പത്തു ബാധകൾ അയച്ച് ദൈവം ഈജിപ്തുകാരെ ശിക്ഷിച്ചു. അതോടെ ഫറവോ ഇസ്രായേൽക്കാരെ വിട്ടയ്ക്കാൻ തീരുമാനിച്ചു. അങ്ങനെ മോശയുടെ നേതൃത്വത്തിൽ ഇസ്രായേൽജനം ഈജിപ്തിൽനിന്നു പുറത്തുവന്നു. അവർ മോശയുടെ നേതൃത്വത്തിൽ കാനൻ ദേശത്തേയ്ക്കു യാത്ര ആരംഭിച്ചു.



ദൈവം കല്പിച്ചതനുസരിച്ച് കടലിനുനേരേ മോശ കൈനീട്ടി. അപ്പോൾ അത്ഭുതകരമായി വെള്ളം ഇരുവശത്തേയ്ക്കും മാറി. ഇസ്രായേൽക്കാർ കടലിനുനടുവേ ഉണങ്ങിയ മണ്ണിലൂടെ നടന്നുനീങ്ങി. അവരുടെ വലത്തും ഇടത്തും കടൽ മതിൽപോലെ നിന്നു.



നമ്മളും ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമാണ്. അവിടുന്ന് നമ്മെയും പരിപാലിക്കുന്നു. സ്വർഗത്തെ ലക്ഷ്യമാക്കിയുള്ള നമ്മുടെ യാത്രയിൽ എല്ലാ അപകടങ്ങളിൽനിന്നും നമ്മെ കാത്ത് സംരക്ഷിക്കുന്നതും ദൈവമാണ്.



# നമുക്കുപ്രാർത്ഥിക്കാം

അങ്ങയുടെ സ്വന്തം ജനമായ
ഇസ്രായേലിനെ കാത്തുരക്ഷിച്ച ദൈവമേ,
അങ്ങേ മക്കളായ ഞങ്ങളെയും
കാത്തുകൊള്ളണമേ.



# നമുക്കു പാടാം



ഇസ്രായേൽ മക്കളെ
ചെങ്കടൽ കടത്തിയ
ദൈവമല്ലോ നമ്മുടെ താതനെന്നും
പാലിക്കും നമ്മെയും
ഈ ലോകയാത്രയിൽ
സ്വർഗീയ ഗേഹത്തിലെത്തുവോളം.

# എന്റെ തീരുമാനം

എന്റെ പ്രയാസങ്ങളിലും വേദനകളിലും ഞാൻ ദൈവത്തെ വിളിച്ചപേക്ഷിക്കും.



Thank you